# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പൊയിലൂർ സെൻട്രൽ എൽ.പി സ്കൂൾ

## 2025-26

## പാതുലക്ഷ്യങ്ങൾ

ഒന്നു മുതൽ 5 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടേയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട്. എന്ന് ഉറപ്പു വരുത്തുക

എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.

കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.

പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം

പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക

പഠനം ആകർഷവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക.

കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.

ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ലഘു പഠനയാത്രകൾ. വിദഗ്ദ്ധരുടെ ക്ലാസുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ ഒരുക്കുക.

0. ദേശീയ ബോധം, സാമൂഹ്യ ബോധം തുടങ്ങിയവ വളർത്തിയെടുക്കുക.

1. നമ്മുടെ പ്രദേശത്തിന്റെ ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.

2. മൂല്യബോധമുള്ള കുട്ടികളെ വളർത്തിയെടുക്കുക

## വിദ്യാലയ ചരിത്രം

കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര മേഖലയാണ് പൊയിലൂർ. പൊയിലൂരിൻ്റെ സാംസ്കാരിക ചരിത്രത്തിൽ ഇടം നേടിയ വിദ്യാലയമാണ് പൊയിലൂർ സെൻട്രൽ എൽ.പി സ്കൂൾ.അവികസിതമായ പൊയിലൂരിലെ ജനതക്ക് അക്ഷരങ്ങൾ പകർന്നു നൽകി അവരെ വിദ്യാഭ്യാസവും അറിവും ഉള്ളവരാക്കി തീർത്തത് പൊയിലൂർ സെൻട്രൽ എൽ.പി സ്കൂളാണ്. പൊയിലൂരിലെ മുസ്ലീം പള്ളിയോട് ചേർന്ന് 1928 ൽ അനൗപചാരികമായി എഴുത്തുപള്ളിക്കൂടം പ്രവർത്തനമാരംഭിച്ചു. സ്ഥാപക മാനേജർ വയലാമ്പ്രോൻ ഞള്ളക്കണ്ടി കുഞ്ഞിരാമൻ ഗുരുക്കളായിരുന്നു. 1932 ൽ ഔദ്യോഗിക അംഗീകാരം ലഭിച്ചു.പിന്നീട് മാനേജറായത് അദ്ദേഹത്തിൻ്റെ മകൻ ഞള്ളക്കണ്ടി കുമാരൻ മാസ്റ്ററാണ്. തീർത്തും പിന്നോക്കം നിൽക്കുന്ന ഒരു ജനതയെ സമൂഹത്തിൻ്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് നമ്മുടെ വിദ്യാലയമാണ്. കാലക്രമേണ പൊയിലൂർ ജുമ: അത്ത് കമ്മിറ്റി വിദ്യാലയം ഏറ്റെടുക്കുകയും ഭൗതിക സാഹചര്യങ്ങളിൽ മുന്നേറാനും കഴിഞ്ഞു. ഈ അവസരത്തിൽ പൂർവ്വസൂരികളായ അധ്യാപകരായ ഞള്ളക്കണ്ടി കുമാരൻ മാസ്റ്റർ, മമ്മു മാസ്റ്റർ, കരുവള്ളി കൃഷ്ണൻ മാസ്റ്റർ, അബ്ദുള്ള മാസ്റ്റർ, കഞ്ഞിത്തറുവയി മാസ്റ്റർ പുളിഞ്ഞോളിൽ വസുമതി ടീച്ചർ എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ. പിന്നീട് പി.എം കാലാക്ഷി ടീച്ചർ, വസന്ത ടീച്ചർ, ധനലക്ഷ്മി ടീച്ചർ, എൻ.കെ പ്രേമനാഥൻ മാസ്റ്റർ , അഹമ്മദ് മാസ്റ്റർ പി.എം ഉഷ ടീച്ചർ, കെ.വി നിനടീച്ചർ, ടി.പി പവിത്രൻ മാസ്റ്റർ എന്നിവരും വിദ്യാലയത്തെ മികവുറ്റതാക്കി തീർക്കാൻ ശ്രമിച്ച അദ്ധ്യാപകരാണ്.

നമ്മുടെ പൊയിലൂർ സെൻട്രൽ എൽ.പി സ്കൂളിൽ നിന്നും 3000 ത്തോളം വിദ്യാർത്ഥികൾ പഠിച്ചിറങ്ങി. സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ അവർ ജോലിചെയ്തു വരുന്നു.. ആദ്യ തലമുറയിൽ പെട്ടവർ മിക്കവരും കൃഷിക്കാരും കച്ചവടക്കാരുമായിരുന്നു.ഗൾഫിൽ പ്രമുഖ വ്യാപാരികളായി നമ്മുടെ പൂർവ്വ വിദ്യാർത്ഥികൾ പ്രവർത്തിച്ചു വരുന്നു.ഡോക്ടർ ,എഞ്ചിനിയർ അധ്യാപകർ ,വ്യാപാരവ്യവ സായം കൃഷി തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിലും നമ്മുടെ വിദ്യാർത്ഥികൾ കഴിവ് തെളിയിച്ചവരാണ്. പൂളാണ്ടിയിൽ അസീസ് എന്ന പൂർവ്വ വിദ്യാർത്ഥി ISRO വിലെ പ്രമുഖ ശാസ്ത്രജ്ഞനാണ്.

ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ എം.കെ രാജൻ മാസ്റ്ററും, സഹ അധ്യാപകരായി ഷിംജി ടീച്ചർ, ഉല്ലാസൻ മാസ്റ്റർ,ജീജ ടീച്ചർ,നിസാർ മാസ്റ്റർ, സആദ് നൗഷാദ് മാസ്റ്റർ എന്നിവരുംപ്രവർത്തിച്ചു വരുന്നു. മികച്ച പ്രീ പ്രൈമറി വിഭാഗം നമുക്കുണ്ട്. ദീർഘകാലമായി നമ്മുടെ സ്കൂളിലെ പ്രീ പ്രൈമറി അദ്ധ്യാപികയായി ഷീജ ടീച്ചർ സ്തുത്യർഹമായ സേവനം ചെയ്തുവരുന്നു.മികച്ച രീതിയിലുള്ള കമ്പ്യൂട്ടർ പഠനവും സ്പോക്കൺ ഇംഗ്ലീഷ് പഠനവും നടന്നു വരുന്നു.പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന LSS സ്കോളർഷിപ്പ് പരീക്ഷയിൽ എല്ലാവർഷവും നമ്മുടെ വിദ്യാർത്ഥികൾ വിജയം കൈവരിക്കാറുണ്ട്. കലാകായിക രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തി വരുന്നു.

മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല, ക്ലാസ്സ് ലൈബ്രറി രുപീകരണം<br>3. സ്കൂൾ ലൈബ്രറി നവീകരണം<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോൽസവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കു വെയ്ക്കൽ<br>10. വായനാക്കുറിപ്പ്- പതിപ്പ്<br>11. വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>12. ആനുകാലിക പ്രസിദ്ധീകരണം വായന<br>13. ഇ.വായന | 6 Months<br>ജൂൺ<br>ജൂലൈ<br><br>ജൂൺ | 5000/- | BRC<br>ക്ലാസ് ടീച്ചർ<br><br>സമീപ ഗ്രന്ഥശാല ടീച്ചർ<br>PTA<br>രക്ഷിതാക്കൾ<br>ക്ലാസ് ടീച്ചർ |

മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. ക്ലാസ് ലൈബ്രറി<br>3. വായനാക്കുറിപ്പ് പതിപ്പ്<br>4. ഇൻലന്റ് മാസിക, ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ<br>5. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം<br>6. എഴുത്തുകൂട്ടം മോണിട്ടറിംഗ്<br>7. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>8. ബാലസഭ<br>9. പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>10. വ്യക്തിഗത രചന- സംഘരചന<br>11. രചയിതാക്കളെ പരിചയപ്പെടൽ | ജൂൺ<br>ജൂലൈ<br>നവംബർ | 2000/- | ക്ലാസ് ടീച്ചർ<br>SRG<br>SRG |
| 4 | ഭിന്നശേഷിക്കാരെ പരിഗണിക്കൽ | IED അധ്യാപകരുടെ സഹായത്താൽ അനുയോജ്യമായ പ്രവർത്തനം | | | |
| 5 | ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് എത്തി | 1. ചിത്രങ്ങളിലൂടെയും സി.ഡികളിലൂടെയും ഭിന്നശേഷിക്കാരെ ഓഷ്ഠശേഷിയിൽ | | | PTA<br>BRC |

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | | 4) **ഭണ്ഡാരം നിറയ്ക്കാം:**<br>ക്ലാസുകളിൽ ഓരോ ബോക്സ് വെക്കുന്നു. കുട്ടികളോട് അവർക്ക് സ്വന്തമായി എഴുതാനും വായിക്കാനും പറ്റുന്ന വാക്കുകൾ എഴുതി ബോക്സിൽ നിക്ഷേപിക്കാൻ നിർദ്ദേശിക്കുന്നു. മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം തുറന്ന് ഏറ്റവും കുടുതൽ വാക്ക് എഴുതിയ കുട്ടിയെ കണ്ടെത്തി സമ്മാനം കൊടുക്കുന്നു. ഈ വാക്കുകൾ ഉപയോഗിച്ച് ഡിക്ഷ്ണറി നിർമ്മിക്കുന്നു. | ജൂലായ് സപ്തംബർ | 1000/- | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| | | 5) **കണ്ടതും കേട്ടതും:**<br>ഉച്ച ഭക്ഷണത്തിനു ശേഷം 1/2 മണിക്കൂർ സമയം പാഠഭാഗവുമായി ബന്ധപ്പെട്ട സി.ഡി കാണാനവസരം നൽകുന്നു. അതിൽ കണ്ടതും കേട്ടതുമായ കാര്യങ്ങൾ എഴുതി വരാൻ പറയുന്നു. അവ ചേർത്ത് പതിപ്പ് നിർമ്മിക്കുന്നു. | ഒക്ടോബർ മുതൽ ഫെബ്രുവരി | 1000/- | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | കുട്ടിയുടെ കുടുംബ പശ്ചാത്തലം മനസിലാക്കുക | **16) 10 മുതൽ 4 വരെ**<br>10 മുതൽ 4 വരെ സ്കൂളിൽ നിന്ന് കിട്ടിയ അനുഭവങ്ങൾ എഴുതി രക്ഷിതാക്കളെ വായിച്ചു കേൾപ്പിച്ച് അടുത്ത ദിവസം വരണമെന്ന നിർദ്ദേശം നൽകുന്നു. രക്ഷിതാവ് അതിനടിയിൽ ഒപ്പിട്ടു കൊടുക്കുകയും വേണം<br>**17) ടീച്ചറും അറിയണം:**<br>കുട്ടിക്ക് ഓരോ ദിവസവും വീട്ടിൽ നിന്ന് കിട്ടുന്ന അനുഭവങ്ങൾ എഴുതി വരാൻ നിർദ്ദേശിക്കുന്നു. | | | |

## English

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ | 1. പ്രീ ടെസ്റ്റ് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>2. കുട്ടികളുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു<br>3. അടിസ്ഥാന ശേഷികൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ<br>4. പദശേഖരണം<br>5. ഡിക്ഷ്ണറി നിർമ്മാണം<br>6. ഇംഗ്ലീഷ് അസംബ്ലി<br>7. പതിപ്പുകൾ<br>8. ഇംഗ്ലീഷ് റൈം ശേഖരണം പതിപ്പ്<br>9. സി.ഡി പ്രദർശനം<br>SIET CD കൾ | ജൂൺ ആദ്യ വാരം<br>രണ്ടാം വാരം<br>ജൂലൈ മുതൽ<br>ജൂലൈ മുതൽ<br>ജൂൺ 3ാം വാരം<br>രണ്ടാഴ്ചയിൽ ഒരിക്കൽ | 1000/- | ക്ലാസ് ടീച്ചർ<br>SRG ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ |

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 2 | Story time<br>കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നു | **Story time:**<br>പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ കണ്ടെത്തൽ അവതരണം നാടകീകരണം | ജൂൺ<br>മാർച്ച് | 2000/- | ടീച്ചർ |
| 3 | ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു | **English Day:**<br>പാഠഭാഗവുമായി | ഓരോ മാസത്തിലെ 2,4 വെള്ളിയാഴ്ചകൾ | | SRG |
| 4 | ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | **Public Speaking:**<br>പബ്ലിക് സ്പീക്കിംഗ്<br>ഓഡിയോ വീഡിയോ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽകൽ | ആഗസ്ത് ഫെബ്രുവരി<br>മാസം-1 | | SRG<br>ടീച്ചർ |
| 5 | എഴുതാനും അവതരിപ്പിക്കാനുമുള്ള ശേഷി നേടൽ | **Script Writing:**<br>അവതരണം<br>പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തുന്നു അവതരിപ്പിക്കുന്നു | | | ടീച്ചർ |
| 6 | സംഘ ബോധവും താല്പര്യവും ഉണ്ടാക്കുക(one, two, three) | **Choreography:** | സപ്തംബർ<br>ഫെബ്രുവരി | | SRG<br>ടീച്ചർ |
| 7 | ഭാഷാശേഷിയും സർഗാത്മകതയും പരിപോഷിക്കുന്നു. | **YOUNG TALENTS:**<br>New reading<br>Speech<br>Recitation<br>Drama Camp | 1 വർഷ അവധി ദിവസങ്ങൾ | | PTA<br>SRG |

പരിസരപഠനം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 1 | ശാസ്ത്രബോധം | **ശാസ്ത്ര മാസികകൾ ലഭ്യമാക്കൽ :** യൂറിക്ക, ശാസ്ത്രഗതി, ശാസ്ത്ര കേരളം, കർഷകശ്രീ മാതൃഭൂമി ആരോഗ്യമാസിക തുടങ്ങിയവ ക്ലാസ്സിൽ ലഭ്യമാക്കൽ | ജൂൺ മാർച്ച് | 1000/- | SRG രക്ഷിതാക്കൾ |
| 2 | ശാസ്ത്ര നേട്ടങ്ങൾ സ്വയം അനുഭവിച്ചറിയുന്നതിന് | **പഠനോപകരണ നിർമ്മാണശില്പശാല:** പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കൽ വിദഗ്ദ്ധരുടെ സഹായത്തോടെ | അവധി ദിവസങ്ങളിൽ | 5000/- | SRG വിദഗ്ദ്ധർ |
| 3 | നിരീക്ഷണത്തിലൂടെ നിഗമനം രൂപപ്പെടുത്തുന്നു | **ചിത്രപ്രദർശനം:** പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളുടെ പ്രദർശനം സ്വാതന്ത്ര്യസമരം, സംസ്ഥാനങ്ങൾ കലാരൂപങ്ങൾ, ഭൂപ്രകൃതി | ജൂൺ മാർച്ച മാസം-1 | | SRG ടീച്ചർ |
| 4 | ഗതാഗത നിയമങ്ങളെപറ്റി ബോധവാൻമാരാകുന്നു. | **റോഡ് സുരക്ഷ ബോധവൽക്കരണ ക്ലാസ്സ്:** ഗതാഗത നിയമങ്ങൾ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ക്ലാസ്സ് | ഒക്ടോബർ | | ട്രാഫിക് പോലീസ് |
| 5 | പ്രഥമ ശുശ്രൂഷയെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും ധാരണ ഉണ്ടാകുന്നതിന് | പ്രഥമ ശുശ്രൂഷ ക്ലാസ് ആരോഗ്യ ബോധവൽക്കരണ ക്ലാസ് | ജൂലൈ | | പ്രാഥമിക ആരോഗ്യ കേന്ദ്രം |

| | | | | | |
|---|---|---|---|---|---|
| 7 | നിരീക്ഷണം നേരിട്ടറിയൽ അനുഭവ പഠനം | **വാതിൽപ്പുറ പഠനം:**<br>മാസത്തിൽ ഒരിക്കൽ വാതിൽപുറ പഠനത്തിന് അവസരം<br>Field trip | | 2000/- | PTA<br>ബ്ലോക്ക് പഞ്ചായത്ത് |
| 8 | പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നിഗമനം രൂപീകരിക്കുന്നു | **പരീക്ഷണ ശില്പശാല :**<br>വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരീക്ഷണങ്ങളുടെ ശില്പശാല | വർഷം-1 | 5000/- | വിദഗ്ദ്ധർ<br>SRG<br>SSA |
| 9 | ശേഖരണത്തിലൂടെ അവസരം നേടുന്നു | **ആൽബം നിർമ്മാണം:**<br>സ്വാതന്ത്ര്യ സമരം, ഇലകൾ etc (വളരുന്ന ആൽബം) | ജൂൺ<br>മാർച്ച് | 2000/- | ടീച്ചർ<br>SRG |
| 10 | ശാസ്ത്ര ചരിത്ര വസ്തുക്കൾ കണ്ട് അറിവ് നേടുന്നു | **C.D പ്രദർശനം:**<br>ശാസ്ത്ര, ചരിത്ര സംബന്ധമായ C.D കൾ പ്രദർശിപ്പിക്കുന്നു<br>(SIET CD കൾ) | മാസം-1 | | ടീച്ചർ |
| 11 | ശാസ്ത്ര ബോധം വളർത്തുന്നു | **ദിനാചരണങ്ങൾ:**<br>പരിസര പഠനവുമായി ബന്ധപ്പെട്ട പ്രധാന ദിനാചരണങ്ങൾ | ജൂൺ<br>മാർച്ച് | 3000/- | SRG<br>ടീച്ചർ |
| 12 | സസ്യ സംരക്ഷണം | **അതി ജീവനം പദ്ധതി:**<br>മാസത്തിൽ ഒരു തവണ സമീപ പ്രദേശങ്ങളിലേക്ക് യാത്ര നടത്തുന്നുയാത്രക്കിടയിൽ പൂർവ്വികർ ആഹാരത്തിനും ഔഷധത്തിനും ഉപയോഗിച്ച സസ്യങ്ങൾ പരിചയപ്പെടുത്തുന്നു. അത്തരം സസ്യങ്ങളുടെ ചെടികളും വിത്തുക്കളും ശേഖരിച്ച് സ്കൂളിൽ ഒരുക്കിയിരിക്കുന്ന | | | |

| | | | | | | |
|---|---|---|---|---|---|---|
| | വിഷരഹിത പച്ചക്കറികൾ ലഭിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br><br>സമൂഹ പങ്കാളിത്തം ഉറപ്പാക്കുക<br><br>കുട്ടികളിൽ സഹകരണ മനോഭാവം, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ വളർത്തുക | നടാം നനയ്ക്കാം:<br>ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു<br><br>രക്ഷിതാക്കളെക്കൂടി ഉൾപ്പെടുത്തി പഠനയാത്ര നടത്തുക<br><br>സമീപ സ്കൂളിലെ കുട്ടികളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് സഹവാസ ക്യാമ്പ്, ശില്പശാല തുടങ്ങിയവ നടത്തുന്നു. | ആഗസ്റ്റ് മുതൽ ഡിസംബർ | 5000/<br><br>5000/- | [illegible]<br><br>[illegible]<br><br>BRC | |

ഗണിതം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിത പഠനം ലളിതമാക്കുക | ഗണിതലാബ്:<br>ക്ലാസിൽ ഗണിത ലാബ് തയ്യാറാക്കൽ | ജൂൺ | 5000/- | SRG, SSA |
| 2 | ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുന്നു പഠനം ലഘൂകരിക്കുന്നു | പഠനോപകരണ ശില്പശാല :<br>ഗണിതവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | അവധിക്കാലം | 5000/- | വിദഗ്ദധർ<br>SRG, SSA |
| 3 | വായന പ്രോൽസാഹിപ്പിക്കുന്നു യുക്തി ചിന്ത വളർത്തുന്നു | ക്ലാസ് ലൈബ്രറി:<br>ക്ലാസ് ലൈബ്രറിയിൽ ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ | ജൂൺ<br>മാർച്ച് | | പൂർവ്വവിദ്യാർത്ഥികൾ |
| 4 | സ്വന്തം നേട്ടങ്ങൾ തിരിച്ചറിയുന്നു പഠനനേട്ടങ്ങൾ രക്ഷിതാക്കളിൽ എത്തിക്കുന്നു | ഗണിത മേള:<br>ഉൽപന്നങ്ങൾ, പഠനോപകരണങ്ങൾ പ്രദർശനം | ഒക്ടോബർ<br>ഫെബ്രുവരി | 5000/- | SRG<br>ടീച്ചർ |
| 5 | ഗണിത ശാസ്ത്രത്തിൽ താല്പര്യം വളർത്തുന്നു | ദിനാചരണങ്ങൾ:<br>ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങൾ | ജൂൺ<br>മാർച്ച് | 2000/- | SRG |
| 6 | | സി.ഡി പ്രദർശനം:<br>ഗണിത ശാസ്ത്രജ്ഞരെ പറ്റിയുള്ള സി.ഡി കൾ പ്രദർശിപ്പിക്കുന്നു | ജൂൺ<br>മാർച്ച് | | SRG |

## കലാപഠനം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | കുട്ടികൾക്ക് കലാപഠനത്തിന് അവസരംഒരുക്കൽ<br><br>കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾ പരിപോഷിക്കുക<br><br>മേളകളിൽ മികച്ച വിജയം കൈവരിക്കൽ | വിദ്യാലയ പരിസരത്ത് വിവിധ കലകളിൽ പ്രാവിണ്യം നേടിയവരുടെ ലിസ്റ്റ് തയ്യാറാക്കുക<br><br>ആഴ്ചയിൽ ഒരു മണിക്കൂർ കലാപഠനം കുട്ടികളുടെ താല്പര്യം കണ്ടെത്തി അതനുസരിച്ച് സംഗീതം നൃത്തം, ചിത്രകല തുടങ്ങിയവയിൽ പരിശീലനം നൽകുന്നു<br><br>രക്ഷിതാക്കൾ, സ്പോൺസർമാർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ ഫണ്ടുകൾ കണ്ടെത്തുന്നു | ജൂലായ് മുതൽ മാർച്ച് | 10000 | PTA/<br>സ്പോൺസർ<br>പഞ്ചായത്ത് |

## ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | കുട്ടികളുടെ കായികവും മാനസികവുമായ വളർച്ച ഉറപ്പു വരുത്തൽ<br><br>കായിക മാനസിക വ്യായാമത്തിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക | എല്ലാ ദിവസവും നിശ്ചിതസമയം ഓടാനും ചാടാനും എറിയാനുമുള്ള അവസരം ഒരുക്കൽ<br>കായിക ക്ഷമത ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ<br><br>ആഴ്ചയിൽ ഒരു ദിവസം യോഗപരിശീലനം | ജൂലായ് മുതൽ | 10000 | PTA/<br>സ്പോൺസർ<br>പഞ്ചായത്ത് |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | · | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | കുട്ടികളുടെ ചിന്ത ഭാവന എന്നിവ വികസിപ്പിക്കാൻ അവസരം ഒരുക്കൽ<br><br>പരിസര മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് പോലുള്ള സാധനങ്ങളുടെ ശാസ്ത്രീയമായ പുനരുപയോഗം | ഉപയോഗശുന്യമായ വസ്തുക്കൾ ഉപയോഗിച്ച് ആകർഷമായ വസ്തുക്കൾ ഉണ്ടാക്കുന്നവിധം പരിചയപ്പെടുത്തുക.<br><br>വിദഗദ്ധരായ വ്യക്തികളെ ഉപയോഗിച്ച് പരിശീലനം നൽകുക.<br><br>രക്ഷിതാക്കൾക്ക് താല്പര്യമുള്ള ഇനങ്ങളിൽ പരിശീലനം നൽകുക. | ജുലായ് മുതൽ മാർച്ച് | 10000 | PTA/ സ്പോൺസർ പഞ്ചായത്ത് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി

1. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
2. വായനാകാർഡ് തയ്യാറാക്കൽ
3. ഹിന്ദി ഭാഷയിൽ ആശയവിനിമയം നടത്തൽ

## ഗണിതം

1. പ്രീ ടെസ്റ്റ്
2. ചതുഷ് ക്രിയകൾ ഉറപ്പിക്കൽ
3. ഗണിത കേളികൾ
4. ഗണിത ശിൽപ്പ ശാല
5. കുസൃതി കണക്കുകൾ
6. മനക്കണക്ക്
7. പഠനോപകരണ നിർമ്മാണം ,പ്രദർശനം

## അടിസ്ഥാന ശാസ്ത്രം

1. ശാസ്ത്രാവബോധം വളർത്തുക
2. ലഘു പരീക്ഷണങ്ങൾ
3. ഫീൽഡ് ട്രിപ്പ്
4. ശിൽപ്പ ശാല
5. നിരീക്ഷണ പരീക്ഷണങ്ങൾക്കുള്ള അവസരം ഒരുക്കൽ
6. വാന നിരീക്ഷണ ക്ലാസുകൾ

## ലാബിനെ അടുത്തറിയൽ

1. പ്രൈമറി ക്ലാസുകളിൽ സാധാരണ ഉപയോഗിക്കുന്ന ലാബ് ഉപകരണങ്ങളുടെ പേരും ഉപയോഗവും പരിചയപ്പെടുത്തൽ.
2. പഠനോപകരണ പ്രദർശനങ്ങൾ
3. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യവും ആവിശ്യകതയും പ്രായോഗിക അറിവുകളും കുട്ടികളിൽ എത്തിക്കൽ
4. വയൽ സന്ദർശനം
5. തണ്ണീർ തടങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുന്നു .
6. കുട്ടികളെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ.

## സാമൂഹ്യശാസ്ത്രം

1. സാമൂഹ്യാവബോധം വളർത്തൽ
2. പത്ര വായന
3. പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ , പരിചയപ്പെടൽ
4. ജനാധിപത്യ രീതി പരിചയപ്പെടൽ ,സ്കൂൾ പാർലിമെന്റ് , ക്ലാസ് സഭ .
5. ദേശീയ നേതാക്കളെ പരിചയപ്പെടൽ ,ഡോക്യൂമെന്ററി പ്രദർശനം

## അറബിക്ക്

1. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
2. വായനാ കാർഡ് നിർമ്മാണം
3. അക്ഷര കാർഡ് നിർമ്മാണം
4. ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ
5. ചിത്രം നോക്കി കഥപറയൽ